പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,ഹയർസെക്കന്ററിവിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
Ph: 0471 2323198

സി.ജി& എ.സി–1/ 113/2021/ഡി.എച്ച്.എസ്.ഇ തീയതി : 24/03/2021

# <u>സർക്കുലർ</u>

വിഷയം:- കരിയർ ഗൈഡൻസ് – സിത്താർ –2020–21 മീഡിയ ലിറ്ററസി – സംസ്ഥാനതല ടെസ്റ്റ് നടത്തുന്നത് സംബന്ധിച്ച്.

സൂചന:- 1. G.O .Rt.(No) 2643/2020/GEdn dated, 22/09/2020

2. Circular of even No. dated 19/03/2021

ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തി ഒരോ വർഷവും കലാപരമായ ഒരു പ്രത്യേക തൊഴിൽ മേഖല തെരഞ്ഞെടുത്ത് അതിൽ താൽപര്യമുള്ള പ്ലസ് വൺ വിദ്യാർത്ഥികളെ കണ്ടെത്തുകയും അവർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് SITAR കലാരംഗത്തെ പ്രമുഖരുമായി സംവദിക്കുന്നതിനും **സിത്താർ** എന്ന പരിപാടി കുട്ടികൾക്ക് അവസരമൊരുക്കുന്നു.

**"മീഡിയ ലിറ്ററസി"** എന്ന വിഷയമാണ് 2020 – 21 അക്കാദമിക വർഷം തെരഞ്ഞെടുത്തിരിക്കുന്നത്.

സൂചന (2) പ്രകാരം സിത്താർ സ്കൂൾ തല സെലക്ഷൻ ടെസ്റ്റ് മാർച്ച് 20,21 തീയതികളിലായി നടത്തിയിരുന്നു. ആയതിൽ സെലക്ഷൻ ലഭിച്ച് google form Link വഴി വിവരങ്ങൾ Upload ചെയ്ത രണ്ട് വിദ്യാർത്ഥികൾക്കാണ് സംസ്ഥാനതല പരീക്ഷ എഴുതാൻ യോഗ്യത ലഭിച്ചത്.

സംസ്ഥാനതല ടെസ്റ്റിനെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സംസ്ഥാനതല ടെസ്റ്റ് 2021 മാർച്ച് 25–ാം തീയതി ഓൺലൈൻ മുഖേന ചുവടെ ചേർത്ത സമയക്രമമനുസരിച്ചാണ് നടക്കുന്നത്.

11.00am to 11.30am – Trivandrum, Kollam, Pathamanthitta, Alappuzha, Kottayam.

12.00pm to 12.30pm – Idukki, Ernakulam, Thrissur, Palakkad, Wayanad.

2.30pm to 3.00pm – Kozhikode, Malappuram, Kannur, Kazargod.

തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കോവിഡ് പ്രോട്ടോകോൾ പാലിച്ച് വിദ്യാലയങ്ങളിലെ കമ്പ്യൂട്ടർ ലാബ് ഉപയോഗിച്ച് സംസ്ഥാനതല സെലക്ഷൻ ടെസ്റ്റ് നടത്താവുന്നതാണ്. Desktop, Laptop എന്നിവ ഉപയോഗിച്ച് മാത്രമാണ് സംസ്ഥാനതല സെലക്ഷൻ ടെസ്റ്റ് നടത്തുവാൻ സാധിക്കുന്നത്. മുകളിൽ അനുവദിച്ചിരിക്കുന്ന സമയത്തിന് 15 മിനിറ്റ് മുമ്പേതന്നെ വിദ്യാർത്ഥികൾ കമ്പ്യൂട്ടർ ലാബിൽ എത്തുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

ടെസ്റ്റിന് ഹാജരാകുന്ന വിദ്യാർത്ഥികൾ അവരുടെ single window admission number, date of birth (dd-mm-yyyy) എന്നിവ നിർബന്ധമായും അറിഞ്ഞിരിക്കേണ്ടതാണ്.

സെലക്ഷൻ ടെസ്റ്റ് നടത്തുന്നതിനായിയുള്ള ലിങ്ക് ഹയർസെക്കന്ററി വിദ്യാഭ്യാസ പോർട്ടൽ പ്രിൻസിപ്പാൾ ലോഗിനിൽ തുടർ സർക്കുലർ ആയി നൽകുന്നതാണ്.

സിത്താർ 2020–21 ''മീഡിയ ലിറ്ററസി'' സംസ്ഥാനതല സെലക്ഷൻ ടെസ്റ്റുമായി ബന്ധപ്പെട്ട് വിവരങ്ങൾ സ്കൂൾതലത്തിൽ സെലക്ഷൻ ലഭിച്ച എല്ലാ വിദ്യാർത്ഥികളെയും അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരികേണ്ടതാണ്.

നിയമസഭ ഇലക്ഷൻ ക്ലാസ്സുകൾ മുഖന്തിരം പരീക്ഷ സംഘടിപ്പിക്കുവാൻ കരിയർ ഗൈഡ്മാർക്കോ, സൗഹൃദാ കോർഡിനേറ്റർമാർക്കോ 25/03/2021–ാം തീയതി അസൗകര്യം നേരിടുകയാണെങ്കിൽ മറ്റൊരു അദ്ധ്യാപകനെ ചുമതലപ്പെടുത്താൻ പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കേണ്ടതാണ്.

Sd/-
Director of General Education

TO,

1. All RDD'S
2. All Principals
3. Career Guides